

അക്കാദമിക മാസ്റ്റർ
പ്ലാൻ
AMLPS MOLOOR NORTH

2025-26

Galaxy S23 Ultra

# ആമുഖം

നെല്ലായ പഞ്ചായത്തിലെ എട്ടാം വാർഡിലാണ് ഈ വിദ്യാലയം സ്ഥിതി ചെയ്യുന്നത്. സ്കൂളിന്റെ തെക്കുവശവും പടിഞ്ഞാറുവശവും വയലുകളാണ്. സ്കൂളിന് മുന്നിലൂടെ ഒരു തോട് ഒഴുകുന്നുണ്ട്. അരങ്ങത്തുകുണ്ട്, ചോലപ്പാറ, തവളപ്പടി എന്നിവിടങ്ങളിലെ കുട്ടികളാണ് കൂടുതലായും ഇവിടെ പഠിക്കുന്നത്. ഭൂരിഭാഗം കുട്ടികളും മുസ്ലീം കുട്ടികളാണ്. അതിനാൽ തന്നെ ഇതൊരു മുസ്ലീം വിദ്യാലയമായിരുന്നു. 2013-14 ൽ രക്ഷിതാക്കളുടെ ആവശ്യപ്രകാരം ജനറൽ സ്കൂൾ കലണ്ടർ പ്രകാരം പ്രവർത്തിച്ചു വരുന്നു. 2016-17 ൽ പ്രീ പ്രൈമറിയും വിദ്യാലയത്തിൽ ആരംഭിച്ചു. ഇപ്പോൾ 5 അധ്യാപകരുള്ള വിദ്യാലയത്തിൽ ശ്രീമതി ശോഭയാണ് പ്രധാനാധ്യാപിക. ശ്രീമതി സനമ ടീച്ചർ ശ്രീമതി ഹസീബ ടീച്ചർ ശ്രീ ഷഫീഖ് മാസ്റ്റർ, കുമാരി സഫ്‌വ എന്നിവരാണ് മറ്റു അധ്യാപകർ. ഇപ്പോഴത്തെ മാനേജർ ശ്രീ. നാസർ മാസ്റ്ററാണ്.

നിലവിൽ 4 ക്ലാസുകളിലും 4 അധ്യാപകരും ഒരു അറബി ഭാഷാ അധ്യാപകനും ഒരു അധ്യാപകേതര ജീവനക്കാരനും പ്രീ-പ്രൈമറി ക്ലാസിൽ ഒരു അധ്യാപികയും പ്രവർത്തിക്കുന്നുണ്ട്. ഒന്ന് മുതൽ നാല് വരെയുള്ള ക്ലാസുകളിൽ 65 കുട്ടികൾ പഠിക്കുന്നുണ്ട്. കൂടാതെ 14 കുട്ടികൾ പ്രീ-പ്രൈമറിയിലും പഠിക്കുന്നു. പി.ടി.എയുടെയും മാനേജരുടേയും ശക്തമായ പിന്തുണയോടെ അധ്യാപകരും വിദ്യാർത്ഥികളും രക്ഷിതാക്കളും നാട്ടുകാരും കൂട്ടമായ ശ്രമത്തോടെ വിദ്യാലയത്തെ മികച്ച രീതിയിൽ മുന്നോട്ടു നയിക്കുന്നു. എന്നാൽ സ്ഥലസൗകര്യമില്ലായ്മ, പാർട്ടീഷൻ ചുമർ ഇല്ലാത്ത ക്ലാസ് റൂം, ഫർണിച്ചറിന്റെ കുറവ് വാഹന സൗകര്യത്തിന്റെ കുറവ് എന്നിവ നിലനിൽക്കുന്നു.

പൂർവ്വ വിദ്യാർത്ഥികൾ, രക്ഷിതാക്കൾ എന്നിവരെ ഉപയോഗപ്പെടുത്തി കുട്ടികളുടെ വിദ്യാഭ്യാസപരവും സർഗാത്മകത വളർത്താനുതകുന്നതുമായ കൂടുതൽ മികവുറ്റ പ്രവർത്തനങ്ങൾ നടത്താവുന്നതാണ്. ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളുടെ കടന്നുകയറ്റം വിദ്യാലയത്തിന് ഭീഷണിയാകുന്നുണ്ട്.

Galaxy S23 Ultra

# ഉള്ളടക്കം

ആമുഖം
വിദ്യാലയം - വിവരം
വിദ്യാലയം - നിലവിലെ അവസ്ഥ
അധ്യാപകർ
വിദ്യാലയം - ഭൗതികാന്തരീക്ഷം
വിദ്യാലയം - ചരിത്രം
അക്കാദമിക പ്രവർത്തനങ്ങൾ
മലയാളം
- മലയാളത്തിളക്കം
- വായനക്കൂട്ടം
- എഴുത്തുകൂട്ടം
- നല്ല വായന
- മധുരം മലയാളം

ഗണിതം
- ഗണിത നിറവ്
- ഒറിഗാമി
- ഗണിതം മധുരം
- ഗണിത വിജയം
- ഗണിതോത്സവം

ഇംഗ്ലീഷ്
- ഇംഗ്ലീഷ് അസംബ്ലി
- ഇംഗ്ലീഷ് ഫെസ്റ്റ്
- ABCD-കൂട്ടം
- ചിത്രകഥാപുസ്തക രചന
- ഇംഗ്ലീഷ് പദപ്രശ്നം

11 പരിസര പഠനം

ഫീൽഡ് ട്രിപ്പ്

ലഘു പരീക്ഷണങ്ങൾ

ചരിത്ര ലാബ്

ശാസ്ത്രോത്സവം

ശാസ്ത്ര മേള

12 അക്കാദമിക പൊതു പ്രവർത്തനങ്ങൾ

13 ഭൗതികം

14 അറബി അക്കാദമിക പ്രവർത്തനങ്ങൾ

Galaxy S23 Ultra

# മോളൂർ നോർത്ത് എ എം എൽ പി സ്കൂൾ അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| സ്കൂളിന്റെ പേര് | : | മോളൂർ നോർത്ത് എ എം എൽ പി എസ് |
| പഞ്ചായത്തിന്റെ പേര് | : | നെല്ലായ |
| സ്കൂൾ കോഡ് | : | 20428 |
| ബി ആർ സിയുടെ പേര് | : | ഇ എൻ യു പി |
| ബ്ലോക്കിന്റെ പേര് | : | ഒറ്റപ്പാലം |
| ജില്ലയുടെ പേര് | : | പാലക്കാട് |
| സബ് ജില്ല | : | ഷൊർണ്ണൂർ |
| വിദ്യാഭ്യാസ ജില്ല | : | ഒറ്റപ്പാലം |
| പ്രധാനാധ്യാപികയുടെ പേര് | : | ശ്രീമതി : ശോഭ |
| മൊബൈൽ നമ്പർ | : | 7012537985 |
| മാനേജരുടെ പേര് | : | നാസർ ഒ |
| മൊബൈൽ നമ്പർ | : | 9447477260 |
| ഇമെയിൽ ഐഡി | : | moloornorthamlps@gmail.com |

# വിദ്യാലയം - നിലവിലെ അവസ്ഥ

| | |
|---|---|
| എസ് ആർ ജി | ആഴ്ചയിൽ ഒരിക്കൽ യോഗം ചേരുന്നു. |
| പി ടി എ | മാസത്തിൽ ഒരു തവണ യോഗം ചേരുന്നു. പാഠ്യ പാഠ്യേതര പ്രവർത്തനങ്ങളിലും ഭൗതിക കാര്യങ്ങളിലും സജീവമായി ഇടപെടുന്നു. |
| ലൈബ്രറി | എല്ലാ ക്ലാസുകളിലും പുസ്തകം വിതരണം ചെയ്യുന്നു. ലൈബ്രറി പുസ്തകങ്ങളിൽ ആനുകാലിക പ്രസിദ്ധീകരണങ്ങളും ഉൾപ്പെടുത്തുന്നു. |
| ക്ലബ്ബ് പ്രവർത്തനങ്ങൾ | വിദ്യാരംഗം കലാസാഹിത്യ വേദി, പരിസ്ഥിതി ക്ലബ്ബ്, സയൻസ് ക്ലബ്ബ്, ഗണിത ക്ലബ്ബ് തുടങ്ങിയവ നന്നായി പ്രവർത്തിക്കുന്നു. കൂടാതെ ഇംഗ്ലീഷ് ക്ലബ്ബും നന്നായി പ്രവർത്തിക്കുന്നു. |
| കമ്പ്യൂട്ടർ | സ്ഥല പരിമിതിയും കമ്പ്യൂട്ടറുകളുടെ പഴക്കവും പഠനത്തെ ബാധിക്കുന്നു. |

# അധ്യാപകർ- നിലവിലെ അവസ്ഥ

| വിഭാഗം | അധ്യാപകരുടെ എണ്ണം | സ്ഥിരം അധ്യാപകർ | താത്കാലിക നിയമനങ്ങൾ | മൂന്ന് വർഷത്തിൽ കൂടുതൽ ഇതേ സ്കൂളിൽ പ്രവർത്തിക്കുന്നവർ |
|---|---|---|---|---|
| പ്രീ.പ്രൈ | 1 | 1 | – | 1 |
| എൽ.പി | 4 | 4 | – | 4 |

# വിദ്യാലയത്തിലെ ഭൗതികഅന്തരീക്ഷം നിലവിലെ അവസ്ഥ

| വിഭാഗം | നിലവിലുള്ളത് | ഇനി ആവശ്യമുള്ളത് |
|---|---|---|
| അഡിഷണൽ ക്ലാസ് മുറി | 4 | 2 |
| ആൺകുട്ടികളുടെ ടോയിലറ്റ് | 1 | 1 |
| പെൺകുട്ടികൾക്കുള്ള പ്രത്യേകം ടോയിലറ്റ് | 1 | 1 |
| സുരക്ഷിതവും ആവശ്യാനുസരണവും ഉപയോഗിക്കാൻ കഴിയുന്ന കുടിവെള്ള സൗകര്യം | ഉണ്ട് | 1 |
| പ്രധാന അധ്യാപക മുറി | ഇല്ല | 1 |
| ചുറ്റുമതിൽ, കളിസ്ഥലം | ചുറ്റുമതിൽ ഇല്ല കളിസ്ഥലം ഉണ്ട് | നല്ല ഉറപ്പോട് കൂടിയ ചുറ്റുമതിൽ |
| ക്ലാസ്മുറിയിൽ റാമ്പ് വിത്ത് ഹാൻഡ്റെയിൽ | 1 | 0 |

# സ്കൂൾ അക്കാദമിക പ്രവർത്തനങ്ങളിലുള്ള സാമൂഹിക ഇടപെടലുകൾ

പി.ടി.എ

എസ്.എം.സി

തദ്ദേശ സ്വയംഭരണസ്ഥാപനങ്ങൾ

പൂർവ്വ വിദ്യാർത്ഥികൾ

വിദ്യാലയ വികസന സമിതി

വിവിധ വകുപ്പുകൾ

സന്നദ്ധസംഘടനകൾ

പ്രാദേശിക വിദഗ്ദ്ധർ

# അക്കാദമിക് മാസ്റ്റർ പ്ലാൻ - മലയാളം

| പരിപാടികൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ (മലയാളത്തിളക്കം) | അക്ഷരം ഉറപ്പിക്കൽ<br>ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>അക്ഷരക്കാർഡ് നൽകൽ (വാക്കുകൾ എഴുതിയ കാർഡ്)<br>വാക്കുകൾ നിർമിക്കുക<br>വാക്യങ്ങൾ നിർമിക്കൽ | ഒക്ടോബർ | | BRC<br>PTA |
| | ചിത്രം - അടിക്കുറിപ്പ് നൽകൽ<br>ചിത്രം - കഥ പറയൽ<br>ചിത്രം - കഥ എഴുതൽ<br>കഥ - ബാക്കി എഴുതൽ<br>വായനാസാമഗ്രികൾ (കഥാപുസ്തകം, വായനാകാർഡുകൾ, പത്രങ്ങൾ ...etc) നൽകൽ | നവംബർ | പുസ്തകങ്ങൾ<br>ലാപ്ടോപ്പ് | |
| | ഭാഷാപരമായി പിന്നോക്കം നിൽക്കുന്നവർക്ക് പ്രത്യേകം ക്ലാസ്<br>പോസ്റ്റർ രചന<br>കുട്ടികൾ സ്വയം അക്ഷരക്കാർഡുകൾ നിർമിക്കൽ | ഡിസംബർ | | |

| | | | | |
|---|---|---|---|---|
| വായനക്കൂട്ടം<br>കുട്ടിയെ മികച്ച വായനക്കാരനാക്കുക. | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കൽ<br>വായനമൂല, ക്ലാസ് ലൈബ്രറി രൂപീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>ഗ്രന്ഥശാല സന്ദർശനം, പത്രവായന<br>വായനാക്കുറിപ്പ് പതിപ്പ്<br>വായന കാർഡ്<br>വായന സാമഗ്രികൾ വികസിപ്പിക്കൽ<br>വായന മത്സരങ്ങൾ<br>മികച്ച വായനക്കാരെ കണ്ടെത്തുന്നു.<br>വായനാ അനുഭവങ്ങൾ പങ്കുവെയ്ക്കൽ | | ക്ലാസ് ലൈബ്രറി<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ഗ്രന്ഥശാല | PTA<br>MPTA |
| എഴുത്തുകൂട്ടം<br>കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക | എഴുത്തുകൂട്ട രൂപീകരണം<br>ക്ലാസ് ലൈബ്രറി<br>ചുമർ പത്രിക<br>പതിപ്പ് തയാറാക്കൽ<br>വ്യക്തിഗത രചന<br>ആസ്വാദനക്കുറിപ്പ് തയാറാക്കൽ | | ലൈബ്രറി പുസ്തകങ്ങൾ | PTA<br>MPTA |

alaxy S23 Ultra

| | | | | |
|---|---|---|---|---|
| നല്ല വായന | 1 മുതൽ 4 വരെയുള്ള ക്ലാസിലേക്കാവശ്യമായ പുസ്തകങ്ങളുടെ ലിസ്റ്റ് തയാറാക്കൽ - ശേഖരിക്കൽ<br>ക്ലാസ് ലൈബ്രറികൾക്കാവശ്യമായ പുസ്തകങ്ങൾ വാങ്ങൽ<br>വായന കാർഡുകൾ തയാറാക്കൽ<br>വായനശീല മെച്ചപ്പെടുത്തൽ<br>ബാലസാഹിത്യ മാസികകൾ വായനമൂലയിൽ സ്പോൺസർഷിപ്പിലൂടെ എത്തിക്കൽ<br>പത്രങ്ങൾ ലഭ്യമാക്കൽ<br>നല്ല വായനക്കാരെ ദിനവും കണ്ടെത്തൽ | ജൂൺ | പുസ്തകങ്ങൾ<br>ലാപ്ടോപ് | അധ്യാപകർ<br>BRC<br>SSG<br>PTA |
| മധുരം മലയാളം<br>...ഷയിൽ പിന്നാക്കം നിൽക്കുന്ന കുട്ടികളെ കണ്ടെത്തി<br>പ്രത്യേക പരിശീലനം നൽകൽ | നിരന്തരം കുട്ടികളുമായി ഇടപെടൽ<br>ചിത്രവായന<br>വായനാ കാർഡുകൾ നൽകൽ<br>വീഡിയോ കാണിക്കുന്നു.<br>കാര്യങ്ങൾ വിശദീകരിച്ചു കൊടുക്കുന്നു.<br>ചിത്രപസിലുകൾ എഴുത്ത് | നവംബർ മുതൽ ഡിസംബർ വരെ | ICT<br>കാർഡുകൾ | PTA<br>SRG |

Galaxy S23 Ultra

# അക്കാദമിക് മാസ്റ്റർ പ്ലാൻ-ഗണിതം

| പരിപാടികൾ | പ്രവർത്തനങ്ങൾ | കാലാവധി | ഭൗതികം | പിന്തുണ |
|---|---|---|---|---|
| ഗണിത നിറവ്<br>ഗണിത ശേഷി വികസനം<br>ചതുഷ് ക്രിയകൾ ഉറപ്പിക്കൽ<br>ഗണിതം ലളിതമാക്കൽ | Pre Test<br>ഗണിത കളികൾ, പാട്ടുകൾ<br>സംഖ്യാ ചാർട്ടുകൾ തുടങ്ങിയവയുടെ സഹായത്തോടെ ചതുഷ് ക്രിയകൾ ഉറപ്പിക്കൽ<br>ചുമരുകൾ ഗണിതവൽക്കരിക്കൽ<br>ദേശീയ പതാക നിർമാണം<br>ജ്യാമിതീയ രൂപങ്ങളുടെ നിർമാണം | ഒരു അക്കാദമിക വർഷത്തിൽ | പുസ്തകങ്ങൾ, നോട്ടുബുക്കുകൾ, അളവു പാത്രങ്ങൾ | BRC<br>PTA<br>SRG<br>[illegible] |
| രസകരമായ ഗണിതപഠനവും സർഗാത്മക ശേഷികളുടെ വികസനവും | ഒറിഗാമിയിലൂടെ ഗണിത ശേഷികൾ കൈവരിക്കുന്നതിനുള്ള പരിശീലനം നൽകൽ, വിവിധ രൂപങ്ങൾ നിർമിക്കുന്ന പ്രദർശിപ്പിക്കുന്നു. | | | |
| ഗണിതം മധുരം | ജ്യാമിതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിവിധ ത്രിമാന രൂപങ്ങൾ നിർമിക്കൽ | | | |

| | | | | |
|---|---|---|---|---|
| നിരീക്ഷണം | മികവുകളും പരിമിതികളും കണ്ടെത്തൽ<br>ചതുഷ്ക്രിയകൾക്ക് പ്രാധാന്യം നൽകൽ<br>ഗണിത കാർഡുകൾ ഉപയോഗിക്കൽ<br>ഗണിത പസിലുകൾ പരിചയപ്പെടൽ<br>ഗണിത ക്വിസ്<br>പാറ്റേൺ നിർമാണം<br>ഗണിത പുസ്തകങ്ങൾ ശേഖരിക്കൽ | | | |
| ഗണിതോത്സവം | ഗ്രൂപ്പുകളായി തിരിഞ്ഞുള്ള മത്സരങ്ങൾ<br>പസിലുകൾ, പാറ്റേണുകൾ<br>നിശ്ചലമാതൃകകൾ ... etc<br>റേഷൻ കട സന്ദർശനം<br>അളവു പാത്രങ്ങൾ നിർമാണം<br>ഗണിത പാറ്റേണുകൾ നിർമാണം<br>ജ്യാമിതീയ പാറ്റേൺ വരക്കൽ | | | |
| യൂണിറ്റ് ടെസ്റ്റ് | എല്ലാ ക്ലാസിലും ഓരോ വിഷയങ്ങളുടെയും യൂണിറ്റ് ടെസ്റ്റ് നടത്താൻ തീരുമാനിച്ചു.<br>CPTA- ചേരാനും തീരുമാനിച്ചു | | | |

# അക്കാദമിക് മാസ്റ്റർ പ്ലാൻ - ഇംഗ്ലീഷ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
|---|---|---|---|
| ഇംഗ്ലീഷ് ഭാഷാ പരിപോഷണം | ഇംഗ്ലീഷ് ക്ലബ്<br>ഇംഗ്ലീഷ് അസംബ്ലി<br>ഇംഗ്ലീഷ് ഫെസ്റ്റ്<br>ഇംഗ്ലീഷ് ഭാഷയിൽ സർഗാത്മക വേദികൾ നടത്തുന്നു. | | |
| ABCD-ആട്ടം | ഇംഗ്ലീഷ് വചനങ്ങൾ രൂപീകരണം. | ജൂൺ മുതൽ മാർച്ച് വരെ | അദ്ധ്യാപകർ<br>PTA |
| സ്റ്റോറി ബുക്ക് | ഇംഗ്ലീഷ് ചിത്ര കഥാ പുസ്തകം ആവിഷ്കരണം. (എല്ലാ ക്ലാസിലെയും പാഠപുസ്തകത്തിലെ ഒരു കഥ) | | |
| ഇംഗ്ലീഷ് പദപ്രശ്നം | ഇംഗ്ലീഷ് പദപ്രശ്നം<br>ഇംഗ്ലീഷ് പദപ്രശ്നങ്ങൾ കുട്ടികൾക്ക് മുൻപിൽ അവതരിപ്പിക്കുന്നു. ഇത്തരം രീതിയിൽ കുട്ടികൾക്ക് നിരവധി വാക്കുകൾ അറിയുന്നു.<br>ക്ലാസ് മുറികളിൽ ഇംഗ്ലീഷ് പതിപ്പുകൾ, പുസ്തകങ്ങൾ എന്നിവ പ്രദർശിപ്പിക്കാൻ | | |

Galaxy S23 Ultra

# അക്കാദമിക് മാസ്റ്റർ പ്ലാൻ - പരിസര പഠനം

| പരിപാടികൾ | പ്രവർത്തനങ്ങൾ | കാലാവധി | പങ്കാളികൾ | ചുമതല |
|---|---|---|---|---|
| കൃഷിയിൽ [illegible] | വിത്ത് - ട്രിപ്പ്<br>ചുറ്റുപാടിനെ അറിയാൻ | ജനുവരി | പ്രദേശത്തെ [illegible] | PTA |
| ലഘുപരീക്ഷണങ്ങൾ | ലഘുപരീക്ഷണങ്ങൾ ചെയ്യുന്നു പരീക്ഷണക്കുറിപ്പ് തയ്യാറാക്കുന്നു | ആഗസ്റ്റ് | രക്ഷിതാക്കൾ | |
| ചരിത്ര ലാബ് ഒരുക്കൽ | ചിത്രങ്ങൾ പഴയ കാലവസ്തുക്കൾ എന്നിവ ശേഖരിക്കൽ ചരിത്ര പുസ്തകങ്ങൾ അടങ്ങിയ ലൈബ്രറി ഒരുക്കൽ<br>[illegible] പ്രദർശനം<br>സ്വാതന്ത്ര്യസമര ചരിത്രങ്ങൾ<br>നാടകീയ അവതരണം | ആഗസ്റ്റ് മുതൽ ഫെബ്രുവരി | രക്ഷിതാക്കൾ | PTA BRC അധ്യാപകർ |
| ശാസ്ത്രോത്സവം? ശാസ്ത്ര മേള | ശാസ്ത്രാഭിരുചി വളർത്തുന്നതിന് ആവശ്യമായ ഉപകരണങ്ങൾ തയ്യാറാക്കൽ ചെയ്യുന്നതിന് | | | SSA |
| [illegible] | വൃത്തിയുള്ള ചുറ്റുപാട് | | | |

# അക്കാദമിക പൊതു പ്രവർത്തനങ്ങൾ

| പ്രവർത്തനങ്ങൾ | ലക്ഷ്യം | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് ചുമതല |
| --- | --- | --- | --- |
| കുട്ടികളിലെ പഠനവിടവ് കണ്ടെത്തുകയും പ്രത്യേക പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യൽ<br>പഠന സാമഗ്രികൾ തയ്യാറാക്കൽ | കോവിഡാനന്തര [illegible] ശക്തിപ്പെടുത്തൽ<br>അക്കാദമിക പിന്നോക്കാവസ്ഥ പരിഹരിക്കൽ | 1 മുതൽ 4 വരെ | ജൂൺ– മാർച്ച്<br>ചുമതല – അധ്യാപകർ, PTA |
| LSS പരീക്ഷയിൽ ഉന്നത വിജയം നേടുക | അർഹരായ മുഴുവൻ കുട്ടികളെയും പങ്കെടുപ്പിക്കുക, പ്രത്യേക പരിശീലനങ്ങൾ നൽകൽ റഫറൻസ് പുസ്തകങ്ങൾ ലഭ്യമാക്കൽ, രക്ഷിതാക്കൾക്ക് ബോധവൽക്കരണം മാതൃകാ പരീക്ഷകൾ | നാലാം ക്ലാസ് | ജൂൺ മുതൽ |
| ലഹരി വിരുദ്ധ നാട് | സർവ്വേ നടത്തുക പോസ്റ്റർ ബോധവൽക്കരണം.<br>ലഘുലേഖകൾ വിതരണം ചെയ്യുന്നു<br>ലഹരി വിരുദ്ധ ജാഥ,<br>CD പ്രദർശനം<br>ലഹരി വിരുദ്ധ ഗാനങ്ങൾ | 3,4 ക്ലാസിലെ കുട്ടികൾ | ജൂൺ – ജൂലൈ<br>അധ്യാപകർ |

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ടാർജറ്റ് ഗ്രൂപ്പ് | കാലയളവ് ചുമതല |
| --- | --- | --- | --- |
| വിഷ വിമുക്ത പച്ചക്കറിത്തോട്ടം | വിത്ത് വിതരണം<br>വിഷ വിമുക്ത പച്ചക്കറി ഉൽപ്പാദനം സ്കൂളിലും വീട്ടിലും<br>പോഷകാഹാരം ലഭ്യമാക്കൽ | 1 – 4 | സെപ്റ്റംബർ മുതൽ ഫെബ്രുവരി വരെ<br>PTA [illegible] |
| സർഗ്ഗശേഷികളുടെ പരിപോഷണം | പ്രശസ്ത സാഹിത്യകാരൻമാരെ പരിചയപ്പെടൽ<br>കുട്ടികളുടെ സർഗ സൃഷ്ടികൾ പ്രദർശനം<br>ക്വിസ് മത്സരങ്ങൾ<br>മാസികകൾ | 2,3,4 ക്ലാസുകൾ | അധ്യാപികമാർ |
| സ്കൂൾ ആകർഷകമാക്കൽ | പൂന്തോട്ട നിർമ്മാണം<br>സ്കൂൾ പരിസരം ആകർഷകമാക്കൽ, ചിത്രങ്ങൾ വരയ്ക്കൽ | 3,4 ക്ലാസുകൾ | 1 വർഷം അധ്യാപകർ |
| പാഠം ഒന്ന് ശുചിത്വം | കുട്ടികൾ ശുചിത്വ ശീലങ്ങൾ ചുമതലകൾ നൽകുന്നു.<br>അസംബ്ലി ചോദ്യം<br>ശുചിത്വ പോസ്റ്റർ<br>ബോധവൽക്കരണം | 1,2,3,4 ക്ലാസുകൾ | ദിവസവും PTA |
| ബാലസഭ | ക്ലാസ് മുറിയിൽ ആലാപനം ആവിഷ്കാര പ്രതിഭകളുടെ അവതരണ വേദിയായി ബാലസഭയെ മാറ്റൽ<br>കലാ കുട്ടികളിലെ സർഗ്ഗാത്മക ചിന്താ സാധ്യതകൾ ലിസ്റ്റ് ചെയ്യൽ | | |

Galaxy S23 Ultra

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ടാർഗറ്റ് ഗ്രൂപ്പ് | കാലയളവ് ചുമതല |
|---|---|---|---|
| പൊതുവിജ്ഞാനം വളർത്തുക | പത്രങ്ങളിൽ നിന്ന് അതാത് ദിവസങ്ങളിലെ പ്രധാന സംഭവങ്ങൾ വായിക്കുന്നു. പത്രവാർത്തകൾ അടിസ്ഥാനപ്പെടുത്തി ക്വിസ് മത്സരങ്ങൾ സംഘടിപ്പിക്കുന്നു. ദിനാചരണങ്ങളുമായി ബന്ധപ്പെടുത്തി ക്വിസ് മത്സരങ്ങൾ നടത്തുന്നു. പോസ്റ്റർ രചന, ചുമർ പത്രിക നിർമ്മാണം. | 1 മുതൽ 4 | ജൂൺ - ഫെബ്രുവരി<br>ക്ലാസ് അധ്യാപകർ |
| ഇംഗ്ലീഷ് അസംബ്ലി. | ആഴ്ചയിൽ 1 ദിവസം ഇംഗ്ലീഷ് അസംബ്ലി നടത്തുന്നു. കുട്ടികൾ പരിപാടികളും ഇംഗ്ലീഷിൽ അവതരിപ്പിക്കുന്നു. | 2-4 class | ക്ലാസ് ടീച്ചർ |
| ഇംഗ്ലീഷ് ഫെസ്റ്റ് | കുട്ടികൾ ഒരു വർഷത്തിൽ ഇംഗ്ലീഷ് ഭാഷയിൽ നേടിയെടുത്ത ശേഷികളുടെ അവതരണം | 1 to 4 class | മാർച്ച്<br>ക്ലാസ് ടീച്ചർ |
| പ്ലാസ്റ്റിക് വിമുക്ത വിദ്യാലയം | പ്ലാസ്റ്റിക്കിന്റെ ഉപയോഗം നിരോധിക്കൽ<br>ചർച്ചകൾ, സംവാദങ്ങൾ (Debate)<br>പ്ലക്കാർഡുകൾ, പോസ്റ്ററുകൾ പതിക്കൽ<br>ബോധവൽക്കരണം | 2,3,4 ക്ലാസുകൾ | ജൂൺ - മാർച്ച്<br>അധ്യാപകർ, PTA |

Galaxy S23 Ultra

| | | | |
|---|---|---|---|
| | രചനകളുടെ അവതരണം മികവുകൾ പോരായ്മകൾ വിലയിരുത്തൽ, ചർച്ചകളുടെ അടിസ്ഥാനത്തിൽ മെച്ചപ്പെടുത്തൽ - വായനാ നടത്തിപ്പ് ചുമതല കുട്ടികൾക്ക് നൽകൽ | 1 മുതൽ 4 വരെ | അധ്യാപകർ |
| | **ഭൗതിക മേഖലകൾ** | | |
| | | | |
| അടിസ്ഥാന സൗകര്യ വികസനം | എല്ലാവിധ സൗകര്യങ്ങളോടുകൂടിയ ക്ലാസ് മുറികൾ ടോയ്‌ലറ്റുകൾ സ്മാർട്ട് റൂം<br>ജൈവവൈവിധ്യ ഉദ്യാനം<br>ഡിജിറ്റൽ ക്ലാസ് മുറികൾ | | |
| ആരോഗ്യമുള്ള ശരീരവും മനസ്സും കുട്ടികൾക്ക് പ്രദാനം ചെയ്യൽ | വൃത്തിയുള്ള പ്രീപ്രൈമറി കെട്ടിടം<br>കളിയുപകരണങ്ങൾ | | മാനേജർ<br>PTA<br>പഞ്ചായത്ത് |
| ആരോഗ്യ കായിക ക്ഷമത വർധിപ്പിച്ച് വിദ്യാഭ്യാസം ഫലപ്രദമാക്കൽ | വിശാലമായ മൈതാനം<br>സ്ഥല വിസ്തൃതി | | |
| ആധുനിക സൗകര്യങ്ങളോട് കൂടിയ വിദ്യാലയം | കമ്പ്യൂട്ടർ ലാബ്<br>നല്ല ലൈബ്രറി<br>നല്ല ചുറ്റുമതിൽ<br>സയൻസ് ലാബ്<br>ഗണിത ലാബ് | | |

Galaxy S23 Ultra

അക്കാദമിക മാസ്റ്റർ പ്ലാൻ - അറബി

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ചുമതല |
| --- | --- | --- | --- |
| അറബി അസംബ്ലി | അറബി പ്രാർത്ഥന<br>അറബി പ്രതിജ്ഞ | ആഴ്ചയിൽ ഒരു ദിവസം | അറബി ടീച്ചർ<br>നാലാം ക്ലാസ് വിദ്യാർത്ഥികൾ |
| അറബിഭാഷാ ദിനം | അറബി അക്ഷരമുപയോഗിച്ച് മത്സരം, പദനിർമ്മാണം Quiz മത്സരം, വായനാ മത്സരം, പോസ്റ്റർ നിർമ്മാണം | | |
| പരിസ്ഥിതി ദിനം | പോസ്റ്റർ രചന | ജൂൺ 5 | അറബി അധ്യാപകൻ |
| വായനാദിനം | വായന മത്സരം, അറബി കഥാപുസ്തകങ്ങൾ<br>പോസ്റ്റർ രചന | ജൂൺ 19 | |
| അറബിക്ലബ്ബ് | ദിനാചരണ പ്രവർത്തനങ്ങൾ നടപ്പിലാക്കുന്നു.<br>വായനാ കാർഡുകൾ തയ്യാറാക്കുന്നു.<br>കൂട്ടവായന, ലീഡർ വായന, അറബി എഴുത്ത് കൂട്ടം | | |

Galaxy S23 Ultra

| | | കാലയളവ് | ചുമതല |
|---|---|---|---|
| സ്കൂൾ തല മേള | സബ്ജില്ലാതല മേളക്ക് മുന്നോടിയായി രണ്ട് ദിവസങ്ങളിലായി സ്കൂൾ തലമേള നടത്തുന്നു. അനുയോജ്യരായ കുട്ടികളെ കണ്ടെത്തി പരിശീലനം നൽകുന്നു. | ആഗസ്റ്റ് ജൂലൈ 21 | അധ്യാപകർ രക്ഷിതാക്കൾ (PTA) |
| സ്കൂൾ തല സ്പോർട്സ് | കുട്ടികളെ ഗ്രൂപ്പുകളായി തിരിക്കുന്നു. (house) സബ്ജില്ലാ കായിക മത്സരങ്ങൾ നടത്തുന്നതിന് സ്കൂൾ ഗ്രൗണ്ട് സജ്ജീകരിക്കുന്നു. (PTA സഹകരണം) | ജൂലൈ 28 | SSG PTA |
| സ്കൂൾ തല കലോത്സവം | ആഗസ്റ്റ് അവസാനത്തിലായി സ്കൂൾതല കലോത്സവം നടത്തുന്നു. അനുയോജ്യരായ വിദ്യാർത്ഥികളെ കണ്ടെത്തി പരിശീലനം നടത്തുന്നു. | ആഗസ്റ്റ്-8 | PTA |

Galaxy S23 Ultra

| | | |
|---|---|---|
| പിന്നോക്കക്കാർക്ക് പ്രത്യേക ക്ലാസുകൾ | ഓരോ ക്ലാസിലും പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്കായി പ്രത്യേക മൊഡ്യൂൾ തയ്യാറാക്കാനും എല്ലാദിവസവും ഉച്ചക്ക് (1.15-1.45) ഇത്തരം കുട്ടികൾക്ക് അനുയോജ്യമായ പ്രവർത്തനങ്ങൾ നടത്താനും തീരുമാനിച്ചു. | അധ്യാപകർ |
| ബോധവൽക്കരണ ക്ലാസുകൾ | ലഹരിവിരുദ്ധ ക്ലാസുകൾ<br>പോഷകാഹാരം കുട്ടികൾക്ക്<br>അപകടമരണങ്ങൾ<br>(മുങ്ങിമരണം, റോഡ് അപകടം) | അധ്യാപകർ |